15368
9/8/18

**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - മുൻ എം.എൽ.എ ശ്രീ. കെ.പി.സതീഷ് ചന്ദ്രന് യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്കായി 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പാർലമെന്ററികാര്യ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 43/2018/പാ.കാ.വ** **തീയതി, തിരുവനന്തപുരം, 02/08/2018**

പരാമർശം : നിയമസഭാ സെക്രട്ടറിയുടെ 26.06.2018-ലെ 10653/എം.എ.ഡി1/2016/നി.സെ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മുൻ നിയമസഭാംഗം ശ്രീ. കെ.പി.സതീഷ് ചന്ദ്രന് കോയമ്പത്തൂർ വേദനായകം ആശുപത്രിയിൽ യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്കായി 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷയിൽ തീരുമാനമെടുക്കുവാൻ നിയമസഭാ സെക്രട്ടറി പരാമർശിത കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. മേൽ ചട്ടങ്ങളിലെ ചട്ടം 6 (1) C പ്രകാരം അതേ ജില്ലയിൽ സർക്കാർ ആശുപത്രിയോ, ഇതര ആശുപത്രിയോ ഇല്ലാത്ത പക്ഷം സംസ്ഥാനത്തെ ഇതര ആശുപത്രികളിൽ അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ ഉപദേശ പ്രകാരം ചികിത്സ തേടാവുന്നതും, റീഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. ചട്ടം 6 (1) ലെ പ്രോവിസോ പ്രകാരം പ്രത്യേക സാഹചര്യത്തിൽ മുൻ എം.എ ൽ.എയ്ക്ക് അത്യാവശ്യമായ അനുയോജ്യ ചികിത്സ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രിയിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്ന് അംഗീകൃത മെഡിക്കൽ അറ്റൻഡന്റ് അഭിപ്രായപ്പെടുന്ന പക്ഷം ഹെൽത്ത് സർവ്വീസ് ഡയറക്ടറുടെ അംഗീകാരത്തോടെ ഇതര സംസ്ഥാനങ്ങളിൽ ചികിത്സയ്ക്ക് അയയ്ക്കാവുന്നതും തുക റീഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. എന്നാൽ മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ മേൽ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

3) മേൽ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് മുൻ എം.എൽ.എ ശ്രീ.കെ.പി.സതീഷ് ചന്ദ്രന് യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന് കോയമ്പത്തൂർ വേദനായകം ആശുപത്രിയിൽ ചികിത്സയ്ക്കായി 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ ചട്ടങ്ങളിൽ ഇളവു വരുത്തി 2 ലക്ഷം രൂപ പലിശ രഹിത ചികിത്സാ വായ്പയായി അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക "2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിച്ച് ശ്രീ.കെ.പി.സതീഷ് ചന്ദ്രന് അർഹമായ മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ ഇത് 6 മാസത്തിനകം ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം അത് തിരിച്ചു പിടിക്കാനുള്ള നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**ഡോ.ബി.അശോക്**

സെക്രട്ടറി

ശ്രീ.കെ.പി.സതീഷ് ചന്ദ്രൻ, മുൻ എം.എൽ.എ, കോട്ടയിൽ ഹൗസ്, പട്ടേന, പുത്തരിയടുക്കം പി.ഒ, നീലേശ്വരം,കാസർഗോഡ് - 671314

സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)

ധനകാര്യ വകുപ്പ് (12.07.2018 തീയതിയിലെ 88798/എൽ3/380/2018-ധന നം. കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (01.08.2018 തീയതിയിലെ മന്ത്രിസഭാ തീരുമാനം ഇനം.2383 പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 01-08-2018

ഫയൽ നം.പാ.കാ.വ-എ2/168/2018-പാ.കാ.വ. ഇനം നം: 2383

O.A.

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - മുൻ നിയമസഭാംഗം ശ്രീ. കെ.പി. സതീഷ് ചന്ദ്രന് യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്കായി 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

O.A 2383
01.08.2018

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

മുൻ നിയമസഭാംഗം ശ്രീ. കെ. പി.സതീഷ് ചന്ദ്രന് യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്കായി 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന് കോയമ്പത്തൂർ വേദനായകം ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന മുൻ എം.എൽ.എ ശ്രീ. കെ. പി.സതീഷ് ചന്ദ്രന് 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ തുടർനടപടികൾക്കായി നിയമസഭാ സെക്രട്ടറി മുഖേന സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പരിശോധന റിപ്പോർട്ടും ചികിത്സാ ചെലവും സംബന്ധിച്ച ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത് മേൽ ചട്ടങ്ങളിലെ ചട്ടം 6(1)c പ്രകാരം അതേ ജില്ലയിൽ സർക്കാർ ആശുപത്രിയോ ഇതര ആശുപത്രിയോ ഇല്ലാത്ത പക്ഷം സംസ്ഥാനത്തെ ഇതര ആശുപത്രികളിൽ Authorised Medical Attendant-ന്റെ ഉപദേശ പ്രകാരം ചികിത്സ തേടാവുന്നതും റീഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. ചട്ടം 6(1)ലെ പ്രോവിസോ പ്രകാരം പ്രത്യേക സാഹചര്യത്തിൽ മുൻ എം.എൽ.എ-യ്ക്ക അത്യാവശ്യമായ അനുയോജ്യ ചികിത്സ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രിയിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്ന് Authorised Medical Attendant അഭിപ്രായപ്പെടുന്ന പക്ഷം ഹെൽത്ത് സർവിസസ് ഡയറക്ടറുടെ അംഗീകാരത്തോടെ ഇതര സംസ്ഥാനങ്ങളിൽ ചികിത്സക്കു അയക്കാവുന്നതും തുക റീ ഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. എന്നാൽ യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന് കോയമ്പത്തൂർ വേദനായകം ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന ബഹു മുൻ എം.എൽ.എ ശ്രീ. കെ. പി.സതീഷ് ചന്ദ്രൻ ആവശ്യപ്പെട്ടിരിക്കുന്നത് 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് ആണ്. മെഡിക്കൽ അഡ്വാൻസ് നൽകുന്നതിന് ചട്ടപ്രകാരം വ്യവസ്ഥയില്ല. മേൽ സാഹചര്യത്തിൽ, 2 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് ആയി അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

"മുൻ എം.എൽ.എ ശ്രീ.കെ.പി.സതീഷ് ചന്ദ്രന് കോയമ്പത്തൂർ വേദനായകം ഹോസ്പിറ്റലിൽ യൂറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന്റെ ചികിൽസയ്ക്കായി 2,00,000/- രൂപയുടെ പലിശരഹിത ചികിൽസാവായ്പ (രണ്ട് ലക്ഷം

രൂപ മാത്രം)ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കാൻ ധനവകുപ്പ് അനുമതി നൽകുന്നു. പ്രസ്തുത തുക "2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ശീർഷകത്തിൽ നിന്നും അഡ്വാൻസായി അനുവദിക്കേണ്ടതാണെന്നും ടി പലിശരഹിത ചികിൽസാവായ്പ ശ്രീ. കെ.പി.സതീഷ് ചന്ദ്രൻ 6 മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."

മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, മുൻ എം.എൽ.എ ശ്രീ. കെ. പി.സതീഷ് ചന്ദ്രന് യുറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന് കോയമ്പത്തൂർ വേദനായകം ആശുപത്രിയിൽ ചികിത്സയ്ക്കായി 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ ചട്ടങ്ങളിൽ ഇളവു വരുത്തി 2 ലക്ഷം രൂപ പലിശ രഹിത ചികിത്സാ വായ്പയായി"2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുവാമോ എന്നും പ്രസ്തുത തുക ടിയാന് അർഹമായ മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം അത് 6 മാസത്തിനകം തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ എന്നും തീരുമാനിക്കപ്പെടേണ്ടതുണ്ട്.

ഈ വിഷയം മന്ത്രിസഭാ യോഗ പരിഗണനയ്ക്ക സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

മുൻ നിയമസഭാംഗം ശ്രീ. കെ. പി.സതീഷ് ചന്ദ്രന് യുറിൻ ട്യൂബിലെ ബ്ലോക്ക് സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്കായി The Medical Attendance to the Ex-Members of the Legislative Assembly Rules, 1988 ചട്ടങ്ങളിൽ ഇളവു വരുത്തി "2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും 2 ലക്ഷം രൂപ, അർഹമായ മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ 6 മാസത്തിനകം ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം അത് തിരിച്ച പിടിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ മുൻകൂറായി അനുവദിക്കാമോ?